(സി, ഡി, ഇ, എഫ്) തോട്ടണ്ടി കുത്തകസംഭരണം നടത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്ന നിയമം കോടതി റദ്ദാക്കുകയാൽ നിയമ പരമായി കുത്തകസംഭരണം നടപ്പാക്കാൻ അധികാരമില്ല. ആകയാൽ തോട്ടണ്ടി കുത്തക സംഭരണം എർപ്പെടുത്താൻ തീരുമാനമെടുത്തിട്ടില്ല. എന്നാൽ സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള കശുവണ്ടി വികസന കോർപ്പറേഷനേയും കാപ്പെക്സിനേയും പ്രാപ്തരാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ തോട്ടണ്ടി വാങ്ങിത്തുടങ്ങിയാൽ കടത്തിക്കൊണ്ടു പോകുന്നത് കുറയും. അതിർത്തി കടത്തിക്കൊണ്ടുപോകുന്നത് നിരുൽസാഹ പ്പെടുത്തുന്നതിനായി സർക്കാരിന് സാധ്യമായതെല്ലാം ചെയ്യുന്നതാണ്.

സ്വകാര്യ സ്കൂളുകളിലെ ഡൊണേഷൻ സമ്പ്രദായത്തിനെതിരെ നടപടി

* 6. [84] ശ്രീ. ബി. രാഘവൻ :

,, എം. നാരായണൻ (കുഴൽമന്ദം) :

,, എ. പത്മകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സ്വകാര്യ സ്കൂളുകളിൽ ഡൊണേഷൻ സമ്പ്രദായം നിലനിൽക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടിസ്ഥാന സൗകര്യംപോലും നൽകാതെ ട്യൂഷൻഫീസ് അമിനിറ്റീസ് ഫീസ് എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ വൻതുക ഫീസ് വാങ്ങുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്രകാരം അമിതഫീസ് വാങ്ങുന്ന വിദ്യാലയങ്ങൾക്കെതിരെ നിയമപരമായി കൈക്കൊള്ളാവുന്ന നടപടി എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഉപഭോക്തൃ തർക്ക പരിഹാര നിയമത്തിൻകീഴിൽ ഇത്തരത്തിലുള്ള സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളെ ഉൾപ്പെടുത്തുമോ ;

(ഇ) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള സ്കൂളുകളുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് ഇവയെ ഉപഭോക്തൃ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ) :

(എ) ഡൊണേഷൻ സമ്പ്രദായം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ഫീസുകൾ ഈടാക്കുന്നതായി അറിവിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഗവൺമെന്റിൽനിന്ന് നടപടി എടുക്കുന്നതിന് വ്യക്തമായ പരാതി ലഭിക്കേണ്ടതുണ്ട്.

(സി) അംഗീകൃത വിദ്യാലയങ്ങളിൽ വിദ്യാഭ്യാസ ഓഫീസർമാർക്കും കാലാകാലങ്ങളിൽ പരിശോധനയും ആഡിറ്റും നടത്താൻ വ്യവസ്ഥയുണ്ട്. ആവശ്യമെങ്കിൽ വിദ്യാലയത്തിന്റെ അംഗീകാരം പിൻവലിക്കാനും വ്യവസ്ഥ ഉണ്ട്.

(ഡി) പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല.

(ഇ) എന്നാൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് പരാതിക്കാർക്ക് സ്വാതന്ത്ര്യം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly